**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **17-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | വൈപ്പിൻ മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗം വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ.<br>മട്ടാഞ്ചേരി ഡിവിഷനു കീഴിൽ വൈപ്പിൻ സെക്ഷനിൽ RDSS-ൽ ഉൾപ്പെടുത്തി 10.5 കിലോമീറ്റർ LT ലൈനുകൾ ABC ആക്കുന്ന 117.95 ലക്ഷം രൂപയുടെ പ്രവൃത്തിയും 1.96 കിലോമീറ്റർ HT ലൈനുകൾ ABC ആക്കുന്ന 43.20 ലക്ഷം രൂപയുടെ പ്രവൃത്തിയും പുരോഗമിക്കുന്നു.<br><br>വൈപ്പിൻ സെക്ഷനിൽ ദ്യുതി വർക്കിൽ ഉൾപ്പെടുത്തി പുതിയ HT ABC ലൈനുകൾ 2.05 കിലോമീറ്റർ വലിക്കുന്നതിന് 4.38 കോടി രൂപയുടെ പ്രവൃത്തിയും പഴയ UG കേബിൾ മാറ്റി പുതിയ കേബിൾ ആക്കിയ വകയിൽ 33,60,739/- രൂപയുടെ പ്രവൃത്തിയും പൂർത്തീകരിച്ചു.<br><br>LT ലൈൻ റീ-കണ്ടക്ടർ ചെയ്ത വകയിൽ 92,44,922/- രൂപയുടെ വർക്ക് പൂർത്തീകരിച്ചു. ലൈൻ വലിച്ച് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന് 14,31,725/- രൂപയുടെ വർക്ക് പൂർത്തീകരിച്ചു. 2 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 9,70,249/- രൂപയുടെ വർക്ക് പൂർത്തീകരിച്ചു. പഴയ കമ്പി മാറ്റി പുതിയ LT ABC വലിക്കുന്നതിന് 1,67,03,082/- രൂപയുടെ വർക്ക് പുരോഗമിക്കുന്നു.<br><br>ഞാറയ്ക്കൽ സെക്ഷനിൽ RDSS-ൽ ഉൾപ്പെടുത്തി 5.83 കിലോമീറ്റർ LT ലൈനുകൾ ABC ആക്കുന്ന 65.18 ലക്ഷം രൂപയുടെ പ്രവൃത്തിയും, 6.85 കിലോമീറ്റർ ലൈനുകൾ ABC ആക്കുന്ന 150.974 ലക്ഷം രൂപയുടെ പ്രവൃത്തിയും പുരോഗമിക്കുന്നു.<br><br>ഞാറക്കൽ സെക്ഷനിൽ ദ്യുതി വർക്കിൽ ഉൾപ്പെടുത്തി പുതിയ ലൈൻ വലിച്ച് 5 ട്രാൻസ്ഫോമർ സ്ഥാപിച്ചതിന് 78,04,742/- രൂപയുടെ വർക്ക് പൂർത്തീകരിച്ചു. HT/LT ലൈനുകളുടെ നവീകരണത്തിനും ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള 1,11,84,361/- രൂപയുടെ വർക്കുകൾ പുരോഗമിക്കുന്നു. രണ്ട് ട്രാൻസ്ഫോർമർ സ്റ്റേഷൻ നവീകരണത്തിനായി 6,08,118/- രൂപയുടെ വർക്ക് പൂർത്തീകരിച്ചു.<br><br>സംഗ്രഹം:-<br><br>RDSS പദ്ധതി – പുരോഗമിക്കുന്നത് - 43.20 ലക്ഷം രൂപയുടെ പ്രവൃത്തി.<br><br>ദ്യുതി പദ്ധതി - |

പൂർത്തീകരിച്ചത് - 6.71 കോടി രൂപയുടെ പ്രവൃത്തി.

പുരോഗമിക്കുന്നത്- 4.95 കോടി രൂപയുടെ പ്രവൃത്തി.

പ്രസരണ വിഭാഗത്തിനു കീഴിൽ വൈപ്പിൻ മണ്ഡലത്തിൽ 66 kV ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 110 kV നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തിയും, ഇതുമായി ബന്ധപ്പെട്ട് ചെറായി-ഞാറയ്ക്കൽ 110 kV ലൈനിന്റെ നിർമ്മാണവും നടന്നു വരുന്നു.

ചെറായി-ഞാറയ്ക്കൽ 110 kV ലൈൻ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി മൊത്തം 49 ട്രാൻസ്മിഷൻ ലൈൻ ടവറുകൾ നിർമ്മിക്കേണ്ടതിൽ ഇതുവരെ 23 ടവർ ഫൗണ്ടേഷനുകളുടെ നിർമ്മാണം പൂർത്തിയായി. 3 ടവർ ഫൗണ്ടേഷനുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഈ ലൈനിന്റെ 48 ടവർ ലൊക്കേഷനുകളും ചെമ്മീൻ കെട്ടുകളിലൂടെയാണ് കടന്നുപോകുന്നത് എന്നതിനാൽ വർഷത്തിൽ 5 മാസം മാത്രമേ പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ കടലിനോട് അടുത്തുള്ള സ്ഥലം ആയതിനാൽ വേലിയേറ്റം മൂലമുള്ള ബുദ്ധിമുട്ടുകളും ടവർ ഫൗണ്ടേഷൻ നിർമ്മാണത്തിന് തടസ്സമായുണ്ട്. ഭൂവുടമകളിൽ നിന്നുള്ള എതിർപ്പുകളും പദ്ധതിയുടെ കാലതാമസത്തിന് കാരണമാണ്. മൂന്ന് ഹർജികൾ എറണാകുളം എ.ഡി.എം-ന് മുമ്പാകെ തീർപ്പാക്കലിനായി നിലവിലുണ്ട്. ലൈൻ നിർമ്മാണ പ്രവൃത്തിക്കായി ഇതുവരെ, 3.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

66 kV ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 kV-യിൽ നിന്നും 110 kV നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആരംഭ പ്രവർത്തനങ്ങളായ 11 kV RMU, ഓക്സിലറി ട്രാൻസ്ഫോർമർ എന്നിവ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തികൾക്കായി ആകെ 10.82 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

ലൈൻ നിർമ്മാണ പുരോഗതിക്കനുസരിച്ച്, 66 kV ഞാറയ്ക്കൽ സബ്സ്റ്റേഷന്റെ ശേഷി 66 kV യിൽ നിന്നും 110 kV നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് .

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിൽ ആകെ 30 kW ശേഷിയുള്ള 5 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ആകെ 13.59 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

വൈപ്പിൻ നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന ആറ് പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

**Pole Mounted Charging Stations Installed at Vypeen (79) Constituency**

| Sl. No | Landmark | Section | Amount |
|---|---|---|---|
| 1 | Bolgatty JN | Vypin | Rs. 1,67,340/- |
| 2 | Gothri Junction | Vypin | |
| 3 | Sahothara Nagar | Njarakkal | |

| | | | |
|---|---|---|---|
| 4 | Palli Stop | Cherai | |
| 5 | Pallathamkulangara | Cherai | |
| 6 | Panamittam | Cheranellore | |

സെക്ഷൻ ഓഫീസർ